# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 20<br>September 20 | 2019 |
|---|---|

*1193 കന്നി 4 വെള്ളി*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഫോസ്റ്റർ കെയർ : അപേക്ഷ ക്ഷണിച്ചു**

നിങ്ങളുടെ കുഞ്ഞുങ്ങൾക്കൊപ്പം ആരോരുമില്ലാത്ത കുട്ടികളെക്കൂടി വീട്ടിൽ സംരക്ഷിക്കാൻ സന്മനസ്സുള്ളവർക്കായി ഫോസ്റ്റർ കെയർ അപേക്ഷ ക്ഷണിച്ചു. അച്ഛനമ്മമാർക്ക് കൂടെ നിർത്തി സംരക്ഷിക്കാൻ കഴിയാത്ത കുട്ടികളെ മറ്റൊരു കുടുംബത്തിൽ വളർത്തുന്നതിനുള്ള പദ്ധതിയാണ് ഫോസ്റ്റർ കെയർ അഥവാ പോറ്റി വളർത്തൽ പദ്ധതി. വനിതാശിശുവികസന വകുപ്പിനു കീഴിൽ കുട്ടികളുടെ സംരക്ഷണത്തിനായി ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ ബാലനീതി സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളെ കുടുംബാന്തരീക്ഷത്തിൽ വളർത്താൻ അനുവദിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ആഫീസ് മുഖേനയാണ് അപേക്ഷ സ്വീകരിക്കുന്നത്. യോഗ്യരാകുന്ന കുടുംബാംഗങ്ങൾക്ക് കൗൺസലിംഗും കുട്ടികളുമായി കൂടിക്കാഴ്ചയ്ക്ക് അവസരവുമൊരുക്കും. ചൈൽഡ് വെൽഫെയർ കമ്മറ്റി മുഖേനയാണ് കുട്ടികളെ അനുയോജ്യമായ കുടുംബങ്ങളിലേക്ക് വിടുന്നത്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ സ്ഥിരം മേൽനോട്ടത്തിലാകും പദ്ധതി നടപ്പാക്കുന്നത്. ആറ് വയസിനു മുകളിൽ പ്രായമുള്ള ആൺകുട്ടികളെയും പെൺകുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട വീടുകളിലേക്ക് അയയ്ക്കും. വിശ്രമജീവിതം നയിക്കുന്ന ദമ്പതികൾ, അധ്യാപകർ, കുട്ടികളുള്ള കുടുംബങ്ങൾ എന്നിവർക്ക് മുൻഗണനയു ്. കൂടുതൽ വിവരങ്ങൾക്ക് ആറന്മുള മിനി സിവിൽ സ്റ്റേഷൻ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലോ, 0468-2319998,7012374037, 8589990362 എന്നീ നമ്പറുകളിലോ ബന്ധപ്പെടാം. (പിഎൻപി 2595/19)

## ഒറ്റത്തവണ പ്രമാണ പരിശോധന

ജില്ലയിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസിസ്റ്റന്റ് തസ്തികയുടെ (കാറ്റഗറി നമ്പർ 419/2017) സാധ്യതാപട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളുടെ ഒറ്റത്തവണ പ്രമാണ പരിശോധന 23, 24 തീയതികളിൽ രാവിലെ 10ന് ജില്ലാ പി.എസ്.സി ഓഫീസിൽ നടക്കും. ഉദ്യോഗാർഥികൾ തിരിച്ചറിയൽ രേഖ, പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റ്, സംവരണാനുകൂല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസൽ സഹിതം ഹാജരാകണം. ഫോൺ: 0468 2222665. (പിഎൻപി 2596/19)

## വ്യാജമദ്യ നിയന്ത്രണ സമിതിയോഗം 27ന്

ജില്ലയിൽ വ്യാജമദ്യ നിയന്ത്രണത്തിന് കാര്യക്ഷമമായ കർമപരിപാടികൾ ആവിഷ്കരിക്കുന്നതിനുള്ള സമിതിയുടെ ജില്ലാതല യോഗം 27ന് രാവിലെ 10.30ന് കളക്ടറേറ്റിൽ ചേരും. (പിഎൻപി 2597/19)

## ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കണം

സ്ത്രീകൾക്കെതിരെ ജോലി സ്ഥലങ്ങളിൽ ഉ  ാകുന്ന ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി 10 ജീവനക്കാരിൽ കൂടുതൽ ജോലി ചെയ്യുന്ന ജില്ലയിലെ എല്ലാ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി നിർബന്ധമായും രൂപീകരിക്കണമെന്നും കമ്മിറ്റിയുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് ജില്ലാ കളക്ടർക്ക് ലഭ്യമാക്കുകയും ചെയ്യണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 2598/19)

## കെൽട്രോണിൽ കംപ്യൂട്ടർ കോഴ്സിന് അപേക്ഷിക്കാം

കെൽട്രോൺ അടൂർ നോളജ് സെന്ററിൽ ഡിസിഎ, പ്രൊഫഷണൽ ഡിപ്ലോമ ഇൻ കംപ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്ക് മെയിന്റനൻസ് വിത്ത് ലാപ്ടോപ് ടെക്നോളജി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇപ്പോൾ അപേക്ഷിക്കുന്നവർക്ക് നിശ്ചിത ശതമാനം ഫീസ് ഇളവ് ലഭിക്കും. ഫോൺ: 04734 229998, 9526229998.

(പിഎൻപി 2599/19)

## സപ്ലിമെന്ററി പരീക്ഷ

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2019ന്റെ ആഗസ്റ്റ് ഒമ്പതിന് നടത്താനിരുന്ന സപ്ലിമെന്ററി പരീക്ഷകൾ ഈ മാസം 27ന് നടക്കും. കൂടുതൽ വിവരത്തിന് അതത് ഐടിഐകളിൽ ലഭിക്കും. (പിഎൻപി 2600/19)

## പ്രളയ ദുരിതബാധിതർക്ക് സഹായവുമായി ഓർമച്ചെപ്പ് ചാരിറ്റബിൾ ട്രസ്റ്റ്

പ്രളയ ദുരിതം ബാധിച്ച ജനങ്ങൾക്ക് ധനസഹായം നൽകുന്നതിന് ഓർമച്ചെപ്പ് ചാരിറ്റബിൾ ട്രസ്റ്റ് ജില്ലാ ഭരണകൂടവുമായി കൈകോർത്തു. ട്രസ്റ്റ് അംഗങ്ങൾ സമാഹരിച്ച 40,000 രൂപയുടെ ചെക്ക് പ്രസിഡന്റ് ബിനോജ് ചെങ്ങറ ജില്ലാ കളക്ടർ പി ബി നൂഹിന് കൈമാറി. അട്ടച്ചാക്കൽ സെന്റ് ജോർജ് ഹൈസ്കൂളിലെ 1995-96 പത്താം ക്ലാസ് ബാച്ചിലെ 57 പേർ ചേർന്ന് ആരംഭിച്ച സംഘടനയാണ് ഓർമച്ചെപ്പ് ചാരിറ്റബിൾ ട്രസ്റ്റ്. കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും പ്രളയ സമയത്ത് ട്രസ്റ്റ് സഹായങ്ങൾ നൽകി. ഇതിന്റെ തുടർച്ചയായാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധനസഹായവുമായി ജില്ലാ കളക്ടറെ സമീപിച്ചത്. ഓർമച്ചെപ്പ് കമ്മിറ്റി അംഗങ്ങളായ അനീഷ് കണ്ണൻമല, ജെൻസി റെജി, ജയശ്രീ സുരേഷ്, ജോമോൻ ജോയ് തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 2601/19)

## യോഗം

സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ചുമതലയിൽ പ്രവർത്തിക്കുന്ന ഓമല്ലൂരിലെ ശിശുപരിചരണ കേന്ദ്രത്തിന്റെ മാനേജിംഗ് കമ്മിറ്റി യോഗം 24ന് രാവിലെ 10.30ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേരും. (പിഎൻപി 2602/19)

## ശിശുക്ഷേമ സമിതി വാർഷിക പൊതുയോഗം

ജില്ലാ ശിശുക്ഷേമ സമിതിയുടെ വാർഷിക പൊതുയോഗം 24ന് രാവിലെ 11.30ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേരും. (പിഎൻപി 2603/19)

## സംഘാടക സമിതി യോഗം

ജില്ലയിൽ ശിശുദിനാഘോഷം നടത്തുന്നതുമായി ബന്ധപ്പെട്ട സംഘാടക സമിതി യോഗം 24ന് ഉച്ചയ്ക്ക് 12ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേരും.

(പിഎൻപി 2604/19)

## ഫോട്ടോ അടിക്കുറിപ്പ്

1) പ്രളയബാധിതർക്ക് നൽകുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ചാരിറ്റബിൾ ട്രസ്റ്റ് സമാഹരിച്ച തുക ഭാരവാഹികൾ ജില്ലാ കളക്ടർ പി.ബി. നൂഹിന് കൈമാറുന്നു.




വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 20<br>September 20 | 2019 |
|---|---|

*1193 കന്നി 4 വെള്ളി*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് ഉദ്ഘാടനം 23ന്**

ആധുനിക സൗകര്യങ്ങളോടെ നിർമിച്ച ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് 23ന് വൈകിട്ട് 4.30ന് റവന്യുമന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും. ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും. എഡിഎം സജി എഫ് മെൻഡിസ്, അടൂർ ആർഡിഒ പി.റ്റി.എബ്രഹാം, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനപ്രഭ, ജില്ലാ പഞ്ചായത്തംഗം ബി.സതികുമാരി, ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി.ലത, ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റ് എസ്.രാധാകൃഷ്ണൻ, ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് രാധാമണി ഹരികുമാർ, അടൂർ തഹസീൽദാർ ബീന എസ്.ഹനീഫ്, എൽ.ആർ തഹസീൽദാർ ഒ.കെ.ഷൈല, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 2605/19)

**നൂറ് തൊഴിൽദിനം പൂർത്തീകരിച്ച കുടുംബങ്ങൾക്ക് 1000 രൂപ വീതം നൽകി**

ഏഴംകുളം ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് തൊഴിലാളികളിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ആയിരം രൂപാ വീതം നൽകുന്ന ചടങ്ങ് ചിറ്റയം ഗോപകുമാർ എം.എൽ എ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ബി.ലതാകുമാരി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ബി.സതികുമാരി, അഡ്വ.ആർ.ബി.രാജീവ് കുമാർ, വൈസ് പ്രസിഡന്റ് രാധാമണി ഹരികുമാർ സുജാത, സരസ്വതി ഗോപി, മഞ്ചു ബിജു, രേഖാ ബാബു, വിജു രാധാകൃഷ്ണൻ, മുളയ്ക്കൽ വിശ്വനാഥൻ നായർ, ഓലിക്കൽ സുരേന്ദ്രൻ, അഡ്വ. താജുദീൻ,

ആസൂത്രണ സമിതി അംഗങ്ങളായ കെ.പ്രസന്നൻ, കെ.രാധാകൃഷ്ണൻ, എസ്.സി. ബോസ് എന്നിവർ പ്രസംഗിച്ചു. ഏഴംകുളം ഗ്രാമപഞ്ചായത്തിലെ 1183 കുടുംബങ്ങൾക്ക് 1000 രൂപ വീതം വിതരണം ചെയ്തു. (പിഎൻപി 2606/19)

## പ്രകൃതി ദുരന്തം: സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കാൻ അവസരം

പ്രകൃതി ദുരന്തത്തിൽ അവശ്യരേഖകൾ നഷ്ടമായവർക്ക് കൈത്താങ്ങേകാൻ സംസ്ഥാന ഐടി മിഷനും ജില്ലാ ഭരണകൂടവും കൈകോർക്കുന്നു. ആധാർ, റേഷൻ കാർഡ്, മോട്ടോർവാഹന വകുപ്പ് ലൈസൻസ്, ചിയാക്ക്, പഞ്ചായത്ത്, രജിസ്ട്രേഷൻ, എസ്.എസ്.എൽ.സി തുടങ്ങിയവയുമായി ബന്ധപ്പെട്ട രേഖകൾ നഷ്ടമായവർക്ക് സംസ്ഥാന ഐ.ടി. മിഷനും ജില്ലാ ഭരണകൂടവും സംയുക്തമായി സംഘടിപ്പിക്കുന്ന അദാലത്തിൽ പങ്കെടുത്ത് നഷ്ടമായ സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കാം.

അദാലത്തിനു മുന്നോടിയായി സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള സിറ്റിസൺ കാൾ സെന്റർ നമ്പരായ 0471-155300 ബന്ധപ്പെട്ട് നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ നൽകി അപേക്ഷ രജിസ്റ്റർ ചെയ്യണം. തുടർന്ന് സർക്കാർ സംഘടിപ്പിക്കുന്ന അദാലത്തിലൂടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. വിവരങ്ങൾ നേരത്തെ രജിസ്റ്റർ ചെയ്താൽ സർട്ടിഫിക്കറ്റ് തിരികെ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനാവും. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണം. (പിഎൻപി 2607/19)

## നിയമസഭാ സമിതി യോഗം

സംസ്ഥാന നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി 24ന് രാവിലെ 10ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. ജില്ലയിൽ നിന്നും ലഭിച്ചിട്ടുള്ളതും സമിതിയുടെ പരിഗണനയിലിരിക്കുന്നതുമായ ഹർജികളിന്മേൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിൽ നിന്നും തെളിവെടുക്കും. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമവുമായി ബന്ധപ്പെട്ട് വിവിധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും ഹർജികൾ സ്വീകരിക്കും. തുടർന്ന് ജില്ലയിലെ ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, മഹിളാ മന്ദിരം, വൃദ്ധസദനം എന്നീ സ്ഥാപനങ്ങൾ സമിതി സന്ദർശിക്കും. സമിതി മുമ്പാകെ പരാതി സമർപ്പിക്കുവാൻ താത്പര്യമുള്ളവർക്ക് യോഗത്തിൽ ഹാജരായി സമിതി അധ്യക്ഷയെ സംബോധന ചെയ്തുകൊണ്ട് പരാതി രേഖാമൂലം സമർപ്പിക്കാം. (പിഎൻപി 2608/19)

## ഗതാഗത നിയന്ത്രണം

പന്തളം-ഓമല്ലൂർ റോഡിൽ ടാറിംഗ് ജോലികൾ നടത്തുന്നതിനാൽ 23 മുതൽ ഇതുവഴിയുള്ള ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തി. ഓമല്ലൂർ ഭാഗത്തുനിന്നും കുളനട ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ അമ്പലക്കടവ് ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് രാമൻചിറ വഴിയും തിരികെ ഓമല്ലൂർ ഭാഗത്തേക്കും പോകണമെന്ന് പൊതുമരാമത്ത് അധികൃതർ അറിയിച്ചു. (പിഎൻപി 2609/19)

## ഫോട്ടോ അടിക്കുറിപ്പ്

2) ഏഴംകുളം ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് തൊഴിലാളികളിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ആയിരം രൂപാ വീതം നൽകുന്ന ചടങ്ങ് ചിറ്റയം ഗോപകുമാർ എം.എൽ എ ഉദ്ഘാടനം ചെയ്യുന്നു.







വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 20<br>September 20 | 2019 |
|---|---|

*1193 കന്നി 4 വെള്ളി*

# പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം:**
**ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്**

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് ജില്ലാ ആസൂത്രണ സമിതി അധ്യക്ഷയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായ അന്നപൂർണാദേവി പറഞ്ഞു. ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു പ്രസിഡന്റ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള തുക പൂർണവും ഫലപ്രദവുമായി വിനിയോഗിക്കണം. കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി ഒക്ടോബർ രണ്ടു മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണമെന്നും പ്രസിഡന്റ് നിർദേശിച്ചു.

ജില്ലയിലെ 20 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി ഭേദഗതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചു. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തുകളായ പന്തളം, റാന്നി, കോയിപ്രം, ഗ്രാമപഞ്ചായത്തുകളായ ചെറുകോൽ, ഇരവിപേരൂർ, കോഴഞ്ചേരി, കുളനട, മലയാലപ്പുഴ, മല്ലപ്പുഴശേരി, മെഴുവേലി, ഓമല്ലൂർ, പള്ളിക്കൽ, പന്തളം, പുറമറ്റം, ആറന്മുള, നാരങ്ങാനം, കുന്നന്താനം, തണ്ണിത്തോട്, കോയിപ്രം എന്നീ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ഭേദഗതികൾക്കാണ് അംഗീകാരം ലഭിച്ചത്. പന്തളം നഗരസഭ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ അധിക ആക്ഷൻ പ്ലാനും അംഗീകരിച്ചു.

എഡിഎം സജി എഫ് മെൻഡിസ്, ജില്ലാ ആസൂത്രണ സമിതി അംഗങ്ങളായ അഡ്വ.ആർ.ബി. രാജീവ് കുമാർ, അഡ്വ.എൻ രാജീവ്, ബി. സതികുമാരി, കെ.ജി. അനിത, എം.ജി കണ്ണൻ, വിനീത അനിൽ, ലീല മോഹൻ, എലിസബത്ത് അബു, ബിനിലാൽ, പി.വി.വർ

ഗീസ്, ജില്ലാ പ്ലാനിംഗ് ഓഫീസര്‍ ഇന്‍ ചാര്‍ജ് വി.ആര്‍. മുരളീധരന്‍ നായര്‍, അഡീണല്‍ പ്ലാനിംഗ് ഓഫീസര്‍ ജി. ഉല്ലാസ് തുടങ്ങിയവര്‍ പങ്കെടുത്തു. (പിഎന്‍പി 2610/19)

## പ്രവാസി വെല്‍ഫെയര്‍ ബോര്‍ഡില്‍ 1055 പേര്‍ പുതുതായി ജില്ലയില്‍ അംഗത്വം നേടി

പത്തനംതിട്ട മുന്‍സിപ്പല്‍ ടൗണ്‍ ഹാളില്‍ കേരള പ്രവാസി വെല്‍ഫയര്‍ ബോര്‍ഡ് നടത്തിയ അംഗത്വ വിതരണ ക്യാമ്പയിനിലും അദാലത്തിലും വന്‍ ജനത്തിരക്ക്. രണ്ടു ദിവസമായി നടന്ന അദാലത്തില്‍ 1055 പേര്‍ പുതുതായി ജില്ലയില്‍ നിന്ന് അംഗത്വം നേടി. ആദ്യ ദിനം രജിസ്റ്റര്‍ ചെയ്ത എല്ലാവര്‍ക്കും അന്നു തന്നെ അംഗത്വ കാര്‍ഡ് വിതരണം ചെയ്തു. രണ്ടാംദിനം രജിസ്റ്റര്‍ ചെയ്ത എല്ലാവര്‍ക്കും ഇന്നലെ തന്നെ പരമാവധി അംഗത്വ കാര്‍ഡ് വിതരണം ചെയ്തു. ബാക്കിയുള്ളവ ഒരാഴ്ചയ്ക്കകം തപാലിലൂടെ ആളുകളുടെ വീട്ടിലെത്തിക്കുമെന്നും പ്രവാസി വെല്‍ഫയര്‍ ബോര്‍ഡ് അംഗം കെ സി സജീവ് തൈക്കാട് പറഞ്ഞു.

പ്രവാസി വെല്‍ഫെയര്‍ ബോര്‍ഡിലെയും നോര്‍ക്കയിലെയും ജീവനക്കാര്‍ വിവിധ വിഭാഗങ്ങളായി തിരിഞ്ഞാണ് അപേക്ഷ സ്വീകരിക്കല്‍, പരിശോധന, രജിസ്ട്രേഷന്‍ എന്നിവ പൂര്‍ത്തിയാക്കി കാര്‍ഡ് വിതരണം ചെയ്തത്. പ്രവാസി ക്ഷേമനിധിയിലേക്ക് ലോകത്ത് എവിടെ നിന്നും ഓണ്‍ലൈനായും അംഗത്വമെടുക്കാന്‍ സൗകര്യമുണ്ട്. ഓണ്‍ലൈനിലൂടെ അംഗത്വമെടുത്താല്‍ 15 ദിവസത്തിനുള്ളില്‍ പ്രവാസി ക്ഷേമനിധിയുടെ അംഗത്വ കാര്‍ഡും ഐഡന്റിറ്റി കാര്‍ഡും സൗജന്യമായി ഓണ്‍ലൈനില്‍ ലഭ്യമാകും. വിവിധ ബാങ്കുകള്‍, പ്രവാസി സഹകരണ സംഘങ്ങള്‍ വഴിയും അംഗത്വമെടുക്കാം. കാനറാ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ബറോഡ, ഇന്ത്യന്‍ ഓവര്‍സീസ് ബാങ്ക്, ഐസിഐസിഐ ബാങ്ക്, കാത്തലിക് സിറിയന്‍ ബാങ്ക് എന്നിവയിലൂടെ അംഗത്വമെടുക്കാം. ഇതിനായുള്ള അപേക്ഷാ ഫോം വെബ്സൈറ്റില്‍ ലഭ്യമാണ്. അപേക്ഷയുമായി ബോര്‍ഡ് ഓഫീസില്‍ നേരിട്ടെത്തുന്നവര്‍ക്ക് അന്നു തന്നെ അംഗത്വ കാര്‍ഡ് ലഭ്യമാക്കും.18 മുതല്‍ 60 വയസു വരെയാണ് അംഗത്വമെടുക്കാനുള്ള പ്രായ പരിധി. (പിഎന്‍പി 2611/19)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.